# അദ്ധ്യാപനത്തിന്റെ മലബാർപ്രവേശം

## എസ്. ഗുപ്തൻ നായർ അദ്ധ്യാപകനായ പാലക്കാട് വിക്ടോറിയ കോളേജ് മലയാള വിഭാഗത്തിലൂടെ അദ്ധ്യാപക ജീവിതത്തിന് തുടക്കം

■ **പന്മന രാമചന്ദ്രൻ നായർ**

ഗവൺമെന്റ് കോളജിൽ മലയാളം ലക്ചറർ നിയമനത്തിനായി 1959– നവംബറിൽ നടത്തിയ പി.എസ്.സി. ഇന്റർവ്യൂവിൽ എനിക്ക് ഒന്നാം സ്ഥാനം ലഭിച്ചു. പക്ഷേ, പിന്നെ ആദ്യം വന്നത് സംവരണനിയമനമായിരുന്നു. ഒരു വനിതയെ നിയമിച്ചു. ലക്ചറർക്കു താഴെ 'ട്യൂട്ടർ' എന്ന തസ്തിക മലബാറിൽ മാത്രമേ ഉണ്ടായിരുന്നുള്ളു. ഒടുവിലത്തെ ഒരു മലയാളം ട്യൂട്ടർ തസ്തിക ഗവൺമെന്റ് വിക്ടോറിയാ കോളജിൽ നിലനിന്നു. സർവീസ് കമ്മീഷൻ എന്നെ തെരഞ്ഞെടുത്തത് ലക്ചറർ തസ്തികയിലേക്കായതുകൊണ്ട് അവിടെ ഒഴിവുവന്ന ട്യൂട്ടർ തസ്തികയിൽ എന്നെ നിയമിക്കണമെങ്കിൽ സർക്കാർ എന്റെ സമ്മതം വാങ്ങിയിരിക്കണം. വിദ്യാഭ്യാസവകുപ്പ് എഴുതിച്ചോദിച്ചപ്പോൾ ഞാൻ സമ്മതം അറിയിച്ചു. അതിൻപ്രകാരം പാലക്കാട് ഗവൺമെന്റ് വിക്ടോറിയാ കോളജിലെ ട്യൂട്ടർ തസ്തികയിൽ എനിക്കു നിയമനം കിട്ടി.

ഗവൺമെന്റ് വിക്ടോറിയാ കോളജ് വിക്ടോറിയാ മഹാരാജ്ഞിയുടെ സ്മാരകം. റോഡിൽനിന്നു കോളേജ് കോമ്പൗണ്ടിലേക്കു കയറുമ്പോൾ അസാധാരണമായ രണ്ടു ദൃശ്യങ്ങൾ കണ്ണിൽപ്പെടും. ഒന്ന്: സർ എം. കൃഷ്ണൻനായർ ഗേറ്റ് എന്ന കൂറ്റൻ വളച്ചുവാതിൽ ഗോപുരം. രണ്ട്: അകത്തേക്കു കടന്നാൽ തുല്യപ്രാധാന്യത്തോടെ ഇടതുവശത്ത് സാക്ഷാൽ ഗവൺമെന്റ് വിക്ടോറിയാ കോളേജ് മന്ദിരം. വലതുവശത്തായി അതിലേറെ പ്രാധാന്യത്തോടെ നിൽക്കുന്ന ആൺകുട്ടികളുടെ കൂറ്റൻ ഇരുനില ഹോസ്റ്റൽ കെട്ടിടം. വീണ്ടും നേരെ ചെല്ലുമ്പോൾ കാണുന്ന മുഖപ്പിന്റെ ഇടതുവശത്താണ് മലയാളവിഭാഗം. പ്രിയഗുരുനാഥൻ ഗുപ്തൻ നായർസാറാണ് വകുപ്പദ്ധ്യക്ഷൻ. 1957 -മാർച്ചിൽ യൂണിവേഴ്സിറ്റി കോളേജിൽനിന്ന് എന്റെ എം.എ. ബാച്ച് പിരിഞ്ഞതോടെ സാറിനു മാറ്റമായിരുന്നു. പിന്നെ അദ്ദേഹം യൂണിവേഴ്സിറ്റി കോളേജിൽ ഇരുന്നിട്ടില്ല. 1960 ഒക്ടോബർ 18–ന് ഞാൻ സാറിന്റെ മുന്നിൽ ഹാജരായി. അദ്ദേഹം അപ്പോൾ ഭാഷാവിഭാഗത്തിനു തൊട്ടടുത്തുള്ള സ്റ്റാഫ് ക്ലബ് റൂമിൽ 'കാരംസ്' കളിക്കുകയായിരുന്നു.

### വല്ലാടന്റെ സ്വാഗതം

"ങാ, വരണം, വരണം. ഓർഡർ ഇന്നലെ കിട്ടി." ഇത്രയും പറഞ്ഞിട്ട് സാർ മറ്റു മൂന്നു കളിക്കാർക്കും എന്നെ പരിചയപ്പെടുത്തി; അവരെ എനിക്കും. ഇരിക്കുന്ന കസേരയിൽ കോട്ടു തൂക്കിയിരിക്കുന്ന ഒരാൾ എന്നെ പുച്ഛത്തോടെ നോക്കിക്കൊണ്ടു ചോദിച്ചു: "അനിയാ, എന്തിനാ ഈ ക്ഷൗരത്തിനു വന്നത്?" എന്നിട്ട് ഒരു ഭാവഭേദവും കൂടാതെ കളിയിൽ ലയിക്കുകയും ചെയ്തു. മലയാളാദ്ധ്യാപകന്റെ പഴയ മാതൃകാവേഷമായ വെള്ളജ്ജുബയും മുണ്ടും ധരിച്ചു ചെന്നിരിക്കുന്ന ഞാൻ വല്ലാതായി. ഗുപ്തൻ നായർസാർ സാകൂതം ഒന്നു പുഞ്ചിരിച്ചു. അപ്പോൾ മറ്റെയാൾ എന്റെ മുഖത്തു നോക്കാതെ ചോദിച്ചു: "ഞാൻ പറഞ്ഞത് അനിയനു തീരെ പ്പിടിച്ചില്ല. അല്ലേ?" അപ്പോൾ സാർ തുറന്നുതന്നെ ചിരിച്ചുകൊണ്ട് കളി നിർത്തി എന്നോടു പറഞ്ഞു: "രാമചന്ദ്രൻ ഒന്നും വിചാരിക്കരുത്. ഇതു ഞങ്ങളുടെ സാക്ഷാൽ വല്ലാട്ടു നാരായണൻ നായർ. ഇദ്ദേഹം ഇങ്ങനെയാണ്. ആർമി റിട്ടേൺഡ്. ഇപ്പോൾ ഇവിടെ ഇംഗ്ലീഷ് പഠിപ്പിക്കുന്നു. അധികാരം ഒന്നുമില്ലാത്ത ഈ വാദ്ധ്യാരുപണിയെ ക്ഷൗരം എന്നാണ് ഇദ്ദേഹം വിളിക്കുന്നത്." ഇത്രയുമായപ്പോൾ നാരായണൻ നായർ സിഗററ്റുകുറ്റി ചുണ്ടിൽനിന്നു മാറ്റിയിട്ട് ഒന്നു പുഞ്ചിരിച്ചുകൊണ്ട് എന്നോടു ചോദിച്ചു: "അനിയാ, സബ് ഇൻസ്പെക്ടറും കോളേജ് ലക്ചററും പെണ്ണുകാണാൻ ചെന്നാൽ, പെണ്ണിനെ ആർക്കു കൊടുക്കും?"

ഇത്രയുമായപ്പോൾ 'വല്ലാടനെ' എനിക്കു ശരിക്കും മനസ്സിലായി. പിന്നെ വൈകാതെ തന്നെ അദ്ദേഹം എന്റെ സുഹൃത്തുക്കളിൽ ഒരാളായി.

ഗുപ്തൻനായർ സാർ എന്നെ പ്രിൻസിപ്പൽ വി.പി. കണ്ണൻ നായർ മാസ്റ്ററുടെ അടുത്തേക്കു കൊണ്ടുപോയി. ഓഫീസിൽ റിപ്പോർട്ടു ചെയ്തു. തിരിച്ചുവന്ന് മലയാളവിഭാഗത്തിലെ എല്ലാവരെയും പരിചയപ്പെട്ടു. ഞാൻ ചെല്ലുന്നുണ്ടെന്ന വാർത്ത സാർ തലേ ദിവസം തന്നെ എല്ലാവരെയും അറിയിച്ചിരുന്നു. ക്രമത്തിനു പറഞ്ഞാൽ, പി.ജി. പുരുഷോത്തമൻ പിള്ള, എം. ലീലാവതി, എ. ബാലകൃഷ്ണവാര്യർ, പി.പി. കുശലൻ. ആറാമനാണു ഞാൻ.

സാർ എന്റെ ടൈം ടേബിൾ കുറിച്ചുതന്നു. മറ്റുള്ളവർക്ക് ആഴ്ചയിൽ ഏഴും

എട്ടും പിരീഡുണ്ടെങ്കിലും ട്യൂട്ടർക്ക് രണ്ടു പീരീഡേ നല്കിയിരുന്നുള്ളൂ. നിയമമനുസരിച്ച് ട്യൂട്ടർക്ക് ലക്ചർ ക്ലാസ്സു പാടില്ലെന്നും, തന്റെ സൗമനസ്യംകൊണ്ടു മാത്രം രണ്ടു പീരീഡ് എടുക്കുന്നതാണെന്നും ആയിരുന്നു മുൻപ് ആ തസ്തികയിൽ ഇരുന്ന ആളിന്റെ നിലപാട്.

മലബാറിലെ എല്ലാ കോളേജുകളിലും പണ്ട് ട്യൂട്ടർ തസ്തികയും സയൻസ് വിഷയങ്ങൾക്ക് ഡെമോൺസ്ട്രേറ്റർ തസ്തികയും ഉണ്ടായിരുന്നു. ട്യൂട്ടർ-ലക്ചറർ-പ്രൊഫസർ-പ്രിൻസിപ്പൽ-എന്ന നാലു ഗ്രേഡ് ചുരുക്കി 'ട്യൂ-ല-പ്രൊ-പ്രി' എന്നാണുചൊല്ല്. ട്യൂട്ടർക്ക് ഒരംഗീകാരവും ലഭിച്ചിരുന്നില്ല. അദ്ധ്യാപകൻ എന്ന അംഗീകാരം ലക്ചറർ മുതലേ കിട്ടൂ. ട്യൂട്ടർ കോമ്പോസിഷൻ എഴുതിച്ചു തിരുത്തിക്കൊടുക്കേണ്ട ആളാണ്. അവിടെ പണ്ടുണ്ടായിരുന്ന ഒരു പ്രൊഫസർ ചെയ്തിരുന്നത് ഇങ്ങനെയാണ്: ബെല്ലടിച്ചാലുടൻ ട്യൂട്ടർ ക്ലാസ്സിലെത്തി ഹാജരെടുത്തിട്ടു പോകും. അപ്പോൾ അദ്ദേഹം ചെന്ന് അരമണിക്കൂർ പഠിപ്പിച്ചിട്ടുപോരും. ബാക്കി അര മണിക്കൂർനേരം അദ്ദേഹമെഴുതിയ പഴയ നോട്ട് ട്യൂട്ടർ ചെന്ന് കുട്ടികൾക്കു പറഞ്ഞുകൊടുക്കും. ട്യൂട്ടർ വെറും അധഃകൃതനായിട്ടാണ് കരുതപ്പെട്ടിരുന്നത്.

കോളേജിൽനിന്ന് ഒലവക്കോട്ടു റെയിൽവേസ്റ്റേഷനിലേക്കു പോകും വഴി കഷ്ടിച്ച് മുക്കാൽ കിലോമീറ്റർ ചെന്നാൽ ചുണ്ണാമ്പുതറ. അവിടെനിന്ന് ഇടത്തോട്ട് അര കിലോമീറ്റർ ചെല്ലുന്നിടത്ത് വടക്കന്തറ ക്ഷേത്രത്തിനടുത്തുള്ള ഒരു വാടക വീട്ടിലാണ് ഗുപ്തൻനായർസാറിന്റെ താമസം. കൂടെ ഇപ്പോൾ മറ്റാരുമില്ലെന്നും രാമചന്ദ്രനും അവിടെക്കൂടാമെന്നും സാർ ക്ഷണിച്ചപ്പോൾ വലിയ സന്തോഷമായി. ഹൊ! ഗുരുനാഥനോടൊപ്പം താമസിക്കുക! അടുത്തുതന്നെയുള്ള ഗൗരി എന്ന പെൺകുട്ടി രാവിലെയും വൈകിട്ടും വന്ന് അടുക്കളക്കാര്യവും മറ്റും ചിട്ടയോടെ നോക്കിക്കൊള്ളും. ഉച്ചയ്ക്കുള്ള ഭക്ഷണം അവൾതന്നെ കോളേജിലെത്തിക്കും. വീടിന്റെ മുൻവശത്ത് വലത്തേമുറിയിൽ ഗുരുവും ഇടത്തേമുറിയിൽ ശിഷ്യനും. രാവിലെയും വൈകിട്ടും മുൻവശത്തുള്ള വലത്തേ അരഭിത്തിയിൽ സാറും ഇടത്തേ അരഭിത്തിയിൽ ഞാനും ഇരുന്നാണ് പത്രം



വല്ലാട്ട് നാരായണൻ നായർ

വായനയും സംഭാഷണവും മറ്റും. തനിഗ്രാമാന്തരീക്ഷം. വളരെവേഗം ഇണങ്ങിച്ചേരുന്ന നല്ല മനുഷ്യർ ചുറ്റിലും.

ആദ്യദിവസം വീട്ടിലെത്തി അരഭിത്തിയിൽ വിശ്രമിക്കുമ്പോൾ ഞാൻ സാറിനോടു പറഞ്ഞു: "സാർ, എനിക്കീ രണ്ടു പിരീഡു പോരാ. എല്ലാ ദിവസവും ഒരു ക്ലാസ്സെങ്കിലും വേണം." സാർ പിറ്റേന്ന് എന്റെ ആവശ്യം എല്ലാവരെയും അറിയിച്ചു. നാലാളും ഓരോന്ന് എനിക്കു തന്നു. അപ്പോൾ എനിക്ക് മറ്റുള്ളവരോട് ഏകദേശം തുല്യത കിട്ടി.

## കുശലൻ മാസ്റ്ററുടെ ഉപദേശം

കുശലൻ മാസ്റ്റർ വളരെ വേഗം എന്റെ ഏറ്റവും അടുത്ത സുഹൃത്തായിത്തീർന്നു. ഇത്രയേറെ ഉത്സാഹിയും സ്നേഹധനനുമായ മറ്റൊരാളെ പാലക്കാട്ട് എനിക്കു കിട്ടിയില്ല. താമസം കല്പാത്തിയിലെ തറവാട്ടിൽ. എന്നെയും മറ്റു പല സുഹൃത്തുക്കളെയും 'കല്പാത്തിത്തേര്' എന്ന ആഘോഷത്തിനും മറ്റും ക്ഷണിച്ചുകൊണ്ടുപോയി, എത്രയേറെ സത്കരിച്ചാലും അദ്ദേഹത്തിനു മതിയായിരുന്നില്ല. മലമ്പുഴ മീൻവളർത്തൽകേന്ദ്രത്തിലെ പലതരം വിശിഷ്ട മത്സ്യങ്ങളുടെ സ്വാദ് അന്ന് ഞങ്ങൾക്കെല്ലാം ആസ്വദിക്കാൻ കഴിഞ്ഞിരുന്നു. അച്ഛൻ പ്രസിദ്ധനായ കണ്ണുവൈദ്യനായിരുന്നു. കുശലന്റെ അനുജൻ അച്ഛന്റെ വൈദ്യവൃത്തി ഏറ്റെടുത്തു. കുശലന്റെ പത്നി ശാന്ത നിലമ്പൂർക്കാരിയാണ്. ഒരിക്കൽ കുശലൻ മാസ്റ്റർ പറഞ്ഞു: "പന്മന മാഷേ, തെക്കുനിന്നു വന്ന എത്രയോപേർ നിലമ്പൂരിൽ ഭൂമി



പ്രൊഫസർ കെ. ശ്രീധരൻ നായർ

വാങ്ങി ലക്ഷപ്രഭുക്കളായിരിക്കുന്നു. ഞാൻ മാഷ്ക്ക് ഒരൻപതേക്കർ ഒന്നാംതരം സ്ഥലം ചുളുവിലയ്ക്ക് നിലമ്പൂരിൽ വാങ്ങിത്തരാം. കൃഷിക്കുംമറ്റും കുറച്ചു പൈസ ആദ്യം ഇറക്കണമെന്നേയുള്ളൂ."

അപ്പോൾ ഞാൻ ചോദിച്ചു: "എന്നെ ഉപദേശിക്കുന്ന കുശലൻ മാഷ് എന്താ അവിടെ കൃഷിയൊന്നും ചെയ്യാത്തത്?"

"ഏയ്! ഞങ്ങക്കൊന്നും അതിനു വേണ്ട വൈഭവമില്ല. അതാണു യാഥാർത്ഥ്യം. നിലമ്പൂരിൽ കുടിയേറിയവരിൽ ഭൂരിഭാഗവും തെക്കുനിന്നുള്ളവരാണ്." ഇങ്ങനെ അദ്ദേഹത്തെപ്പറ്റി പല ഓർമ്മകളുണ്ട്. ഏറ്റവും ദുഃഖാവഹമായ കാര്യം – ആ സ്നേഹസമ്പന്നൻ സർവീസിൽനിന്നു പിരിയുംമുൻപ് ദിവംഗതനായി.

കോളേജിനടുത്തുതന്നെയാണ് പി.ജി. പുരുഷോത്തമൻ പിള്ള താമസിച്ചിരുന്നത്. കുറച്ചു കഷണ്ടിയുള്ളതുകൊണ്ടാവണം തൊപ്പി സ്ഥിരം. സൈക്കിൾ വാഹനൻ. അടുപ്പമുള്ളവരോട് തുറന്ന പെരുമാറ്റം. എല്ലാക്കാര്യങ്ങളിലും സ്പീഡ് അല്പം കൂടുതലാണ്. ഡാന്റേ, മാർക്കോപോളോവിന്റെ സഞ്ചാരകഥകൾ തുടങ്ങിയ ഗ്രന്ഥങ്ങളുടെ രചയിതാവ്. പത്നി കാമാക്ഷിക്കുട്ടിയമ്മയും സാഹിത്യകാരിയാണ്. മൂത്തമകൾ രേഖയെ ഞാൻ പ്രീയൂണിവേഴ്സിറ്റിക്ക് വിക്ടോറിയയിൽ പഠിപ്പിച്ചു. വയസ്സു തികയായ്കയാൽ ഒരു വർഷം കൂടി പ്രീയൂണിവേഴ്സിറ്റിക്കു തന്നെ പഠിച്ചു. അക്കൊല്ലം പി.ജി.പി. പ്രൊഫസറായി ചിറ്റൂരിലെത്തി. എനിക്കും അങ്ങോട്ടു മാറ്റമായി. കുട്ടിയെ ഞാൻ അവിടെയും

പഠിപ്പിച്ചു! രേഖ ഡോക്ടറായി ഡൽഹിയിൽ കഴിയുന്നു. രണ്ടാമത്തെ മകൾ ലത ഇംഗ്ലീഷ് അധ്യാപിക. ഇപ്പോൾ മലപ്പുറം കോളേജിൽ പ്രിൻസിപ്പലാണ്.

## ലീലാവതി ടീച്ചർ

ടീച്ചറുടെ അദ്ധ്യാപനവൈഭവമോ നിരൂപണമഹത്ത്വമോ ഞാൻ വിവരിക്കേണ്ടതില്ല. അന്ന് എന്നെ ഏറെ അകർഷിച്ചത് ആ തുറന്ന സൗഹൃദമാണ്. കോളേജിനടുത്തുതന്നെയുള്ള താരക്കാടു ഗ്രാമത്തിലാണ് ടീച്ചർ താമസിച്ചിരുന്നത്. ഗുപ്തൻ നായർ സാറും ഞാനും പലപ്പോഴും ടീച്ചറുടെ ക്ഷണം സ്വീകരിച്ച് അവിടെ അതിഥികളായിട്ടുണ്ട്. അടുക്കളപ്പണിയും അതിഥിസത്കാരവും ഇടയിൽ നർമ്മഭാഷണങ്ങളുമൊക്കെയായി അത്യന്തം ഉത്സാഹവതിയായ തനി വീട്ടമ്മയാണ് ടീച്ചർ അവിടെ. ശാസ്ത്രജ്ഞനും സാഹിത്യകാരനുമാണ് ഭർത്താവ് സി.പി. മേനോൻ മാസ്റ്റർ. അദ്ദേഹം ഇടയ്ക്കിടയ്ക്ക് ഡിപ്പാർട്ടുമെന്റിൽ വന്നിരുന്നു. സി.പി. മേഘസന്ദേശം പരിഭാഷപ്പെടുത്തിയിട്ടുണ്ട്. തൃപ്തിവരായ്കയാൽ, പ്രസിദ്ധീകരിക്കുന്നതിന് ടീച്ചറെ അനുവദിച്ചിരുന്നില്ല.

ടീച്ചറുമായി അന്നാരംഭിച്ച സൗഹൃദം കഴിഞ്ഞ അൻപതു വർഷമായി അഭംഗുരം തുടരുന്നു. ആഹ്ലാദകരങ്ങളായ സംഭവങ്ങൾ സ്വജീവിതത്തിൽ പലതുണ്ടായിട്ടുണ്ടെങ്കിലും പഠനകാലം മുതലേ ഇത്രയേറെ ക്ലേശങ്ങൾ സഹിച്ചുകൊണ്ട് ഈവിധത്തിൽ കർമ്മനിരതയാകാൻ ടീച്ചർക്കെങ്ങനെ കഴിയുന്നു എന്നു ഞാൻ അദ്ഭുതപ്പെട്ടിട്ടുണ്ട്. ഭർത്താവ് മേനോൻ മാസ്റ്റർ ടീച്ചർക്ക് താങ്ങായും തണലായുമുണ്ടായിരുന്നു എന്നതു വിസ്മരിക്കുന്നില്ല.

അദ്ധ്യാപനം ഒരു മഹാതപസ്യയായിക്കരുതുന്ന എ. ബാലകൃഷ്ണവാര്യർ മാഷിന് ക്ലാസ്സിൽപോകുന്നതിന് അല്പസമയം മുൻപു മുതൽ ഇരിപ്പുറയ്ക്കില്ല. ഇടതുകൈയിൽ ഒരല്പം മൂക്കിപ്പൊടിയും വലതുകൈയിൽ കൈലേസുമായി, ചുറ്റും നടക്കുന്ന യാതൊന്നുമറിയാതെ അങ്ങോട്ടുമിങ്ങോട്ടും നടപ്പാണ്. പ്രഭാഷണം ഞാൻ കേട്ടിട്ടുണ്ട്. ജി. യുടെ ശിഷ്യനായ വാര്യർ മാസ്റ്ററുടെ പ്രഭാഷണം കുറുപ്പുമാസ്റ്ററുടെ പ്രഭാഷണത്തിന്റെ തനിപ്പകർപ്പാണെന്ന് ആർക്കും വേഗം മനസ്സിലാകും. തികഞ്ഞ സാത്ത്വികൻ, ലളിതമനസ്കൻ. ചെറിയൊരു തമാശ കേട്ടാലുടൻ പൊട്ടിച്ചിരിക്കും.

ഞാൻ മൊത്തം ഏഴു കോളേജിൽ ഇരുന്നിട്ടുണ്ട്. മലയാളവിഭാഗത്തിലെ അദ്ധ്യാപകർ ഒന്നിച്ചുള്ള ഒരൊറ്റപ്പടമേ എന്റെ കൈയിലുള്ളൂ-വിക്ടോറിയായിലെ ആറുപേരും ചേർന്നുള്ള പടം. അതു സാർത്ഥകംതന്നെയാണെന്ന് ഞാൻ കരുതുന്നു. കുശലൻ മാസ്റ്ററുടെ നിർബന്ധമായിരുന്നു പടമെടുപ്പിനു പിന്നിൽ

## കണ്ടെത്തിയ രണ്ടു കുട്ടികൾ

അന്നു മലയാളം ബി.എ. അവസാനവർഷത്തിൽ താച്ചുക്കുട്ടി എന്ന ഒരാൺകുട്ടി മാത്രമേ ഉണ്ടായിരുന്നുള്ളൂ. രണ്ടാം വർഷത്തിലും ഒന്നാം വർഷത്തിലും രണ്ടും മൂന്നും വീതം കുട്ടികൾ. ഞങ്ങളെല്ലാം പ്രീഡിഗ്രി ഉപഭാഷയിലെ കുട്ടികളെക്കൊണ്ട് ആഴ്ചയിൽ ഒരു കോമ്പോസിഷൻ എഴുതിക്കുകയും അതു കൃത്യമായി പരിശോധിച്ചു തിരുത്തിക്കൊടുക്കുകയും ചെയ്തിരുന്നു. നല്ലതെങ്കിൽ നന്നായിത്തിരുത്തി തെറ്റുകൾ വിശദീകരിച്ചുകൊടുക്കും. ഞങ്ങളുടെ അഞ്ചുപേരുടെയും മേശപ്പുറത്ത് കോമ്പോസിഷൻ ബുക്കിന്റെ അട്ടികൾ സ്ഥിരമായിരുന്നു. ഇടയ്ക്കിടെ ചായകുടി പതിവുണ്ട്. പ്രൊഫസറുടെ മുറിയിൽ എല്ലാവരും ചായകുടിച്ചിരിക്കുമ്പോൾ ഒരിക്കൽ സാർ പറഞ്ഞു: "നമുക്ക് ഐച്ഛികം ബി.എ.യ്ക്കു കുട്ടികൾ കുറവാണ്. പ്രീഡിഗ്രിക്കാരുടെ കോമ്പോസിഷൻ നോക്കുന്നതിന്റെ കൂട്ടത്തിൽ കഴിവുള്ള കുട്ടികളെ കണ്ടുപിടിക്കാമെങ്കിൽ അവരെ നമുക്ക് മലയാളം ഡിഗ്രിയ്ക്കു ചേരുന്നതിനു പ്രേരിപ്പിക്കാം."

ഇത്തരത്തിൽ എന്റെ ശ്രദ്ധയിൽ പ്പെട്ട രണ്ടു കുട്ടികളുടെ നോട്ടുബുക്കുകൾ ആദ്യം മറ്റുള്ളവരെയും പിന്നെ പ്രൊഫസറെയും കാണിച്ചു. എല്ലാവർക്കും ഇഷ്ടമായി. പ്രൊഫസർ അവരെ വിളിച്ചു സംസാരിച്ചു. രണ്ടുപേരും, മറ്റു വിഷയങ്ങളും നന്നായി പഠിക്കുന്നവരായിരുന്നു. അടുത്ത വർഷം അവർ രക്ഷാകർത്താക്കളുടെ അനുവാദം വാങ്ങിക്കൊണ്ട് മലയാളത്തിൽത്തന്നെ ചേർന്നു. രണ്ടാളും വിക്ടോറിയായിൽനിന്ന് ബി.എ.യ്ക്കും തുടർന്ന് എം.എ.യ്ക്കും പ്രശസ്തവിജയം നേടി – ഡോ. ഷൊർണ്ണൂർ കാർത്തികേയനും ഡോ. കല്പറ്റ ബാലകൃഷ്ണനും. രണ്ടാളും തൃശ്ശൂർ കേരളവർമ്മ കോളജിലെ മലയാളവിഭാഗാദ്ധ്യക്ഷന്മാരായി; പ്രശസ്ത സാഹിത്യകാരന്മാരുമായി. കാർത്തികേയൻ ശ്രീശങ്കരാചാര്യ സംസ്കൃതസർവകലാശാലയിലും പ്രൊഫസറായിരുന്നു.

വലിയ ഒരു ഹാൾ അലമാരവച്ചു രണ്ടായിത്തിരിച്ച് ഒരു വശത്ത് ഇംഗ്ലീഷ് വിഭാഗവും മറുവശത്ത് മലയാളം-സംസ്കൃതം-ഹിന്ദി വിഭാഗങ്ങളുമായിരുന്നു. ഇംഗ്ലീഷ് വിഭാഗത്തിൽ തിരുവനന്തപുരത്തുനിന്നുപോയ കെ. ശ്രീധരൻ നായർ (കേരളസർവകലാശാലാ പരീക്ഷാകൺട്രോളർ), ജ്യോതിഷ്കുമാർ തമ്പി (ത്രിപുരയിൽ ഐ.ജി.), എ.വി. വാസുദേവൻ പോറ്റി (ആദ്ധ്യാത്മിക പ്രഭാഷകൻ), ആർ. രാമചന്ദ്രൻ നായർ (അക്കൊല്ലം ഐ.എ.എസ്. കിട്ടി), ദിനകരൻ തമ്പി തുടങ്ങിയവരും സംസ്കൃതത്തിൽ ഉണ്ണിരാരിച്ചൻ നെടുങ്ങാടി, പൂർണ്ണമോദൻ, സരളാദേവി എന്നിവരും ഉണ്ടായിരുന്നു.

കെ. ശ്രീധരൻ നായർ ഇംഗ്ലീഷിലും മലയാളത്തിലും മികച്ച കവിതകൾ എഴുതിയിട്ടുണ്ട്. കഴിഞ്ഞകൊല്ലമാണ് 'ഹാഫ് വേ ഓൺ എ സോങ്' എന്ന പേരിൽ ഒരു ഇംഗ്ലീഷ് കവിതാസമാഹാരം പ്രസിദ്ധീകരിച്ചത്. മലയാളകവിതകൾ പുസ്തകമാക്കിയിട്ടില്ല. അക്കാദമികൾക്കുവേണ്ടിയും മറ്റും മലയാളത്തിലെ പല വലിയ കവികളുടെയും കവിതകൾക്ക് അതിമനോഹരമായ ഇംഗ്ലീഷ് പരിഭാഷ തയ്യാറാക്കി എന്നതാണ് അദ്ദേഹത്തിന്റെ ഏറ്റവും വലിയ സംഭാവന. പത്നി ശ്യാമള. ഞങ്ങൾ കുടുംബസുഹൃത്തുക്കളാണ്.

സുവോളജിയിലെ കഥാകൃത്ത് എ.പി.ഐ. സാദിഖ് (ഇബ്രാഹിംകുട്ടി), സ്റ്റാറ്റിസ്റ്റിക്സിലെ ശിവരാമയ്യർ, ഇംഗ്ലീഷിലെ ഡോ. പി. അച്യുതൻ എന്നിവർ ഓർമ്മയിൽ തെളിഞ്ഞുനില്ക്കുന്നവരാണ്. പ്രശസ്തകവി നീലമ്പേരൂർ മധുസൂദനൻ നായർ (എം.എസ്സ്സി. സ്റ്റാറ്റിസ്റ്റിക്സ്), കേരള സർക്കാരിന്റെ ഉന്നതവിദ്യാഭ്യാസ സെക്രട്ടറിയായിരുന്ന കെ. മോഹൻകുമാർ (ഇംഗ്ലീഷ് എം.എ.) എന്നിവർ അന്ന് അവിടെ വിദ്യാർത്ഥികളായിരുന്നു.

തൃശ്ശൂർ വലപ്പാട്ടുകാരനായ പി.വി. അപ്പുമാസ്റ്റർ അവിടെ കെമിസ്ട്രി പ്രൊഫസറായിരുന്നു. കലാരസികനായ അദ്ദേഹത്തിന് നാടൻപാട്ടുക



വിക്ടോറിയയിലെ മലയാള വിഭാഗം: എ. ബാലകൃഷ്ണ വാര്യർ, പി.പി. കുശലൻ, എസ്. ഗുപ്തൻ നായർ, പി.ജി. പുരുഷോത്തമൻ പിള്ള, പന്മന രാമചന്ദ്രൻ നായർ, എം. ലീലാവതി (1961– ലെ ചിത്രം)

ളിൽ വലിയ താല്പര്യമായിരുന്നു. ചില സ്കൂൾ വാർഷികങ്ങളിലും ഗ്രന്ഥശാലാവാർഷികങ്ങളിലും ഞങ്ങളൊന്നിച്ച് പ്രഭാഷകരായിട്ടുണ്ട്. മാസ്റ്റർ പ്രസംഗത്തിനിടയ്ക്ക് തികച്ചും അപ്രതീക്ഷിതമായി, "ഒക്കത്തു നീർക്കുടമേന്തി വന്നെത്തുന്ന– കർഷകപ്പെൺകൊടിയാ-----ളേ----ം" എന്നെല്ലാം പാടി ചുവടുവച്ചുകളയും. എന്നിട്ട് ആ പ്രകടനത്തിൽ രസിച്ചുകൊണ്ട് സദസ്യരെനോക്കി നല്ലൊരു ചിരിയുമുണ്ട്. സദസ്യർക്ക് അദ്ദേഹത്തിന്റെ പ്രകടനം ഇഷ്ടപ്പെടും.

ബിരുദാനന്തര ബിരുദമില്ലായ്കയാൽ കെമിസ്ട്രി വിഭാഗത്തിൽ ഡെമോൺസ്ട്രേറ്ററായിക്കഴിഞ്ഞിരുന്ന എ.വി. ശങ്കരൻമാസ്റ്റർ ക്ലാസ്സില്ലാത്തപ്പോഴെല്ലാം മിക്കവാറും വന്നിരിക്കുക ഭാഷാവിഭാഗത്തിലാണ്. അദ്ദേഹം ആലത്തൂർ താലൂക്കിലെ അത്തിപ്പറ്റക്കാരനാണ്. പിന്നീട് ഉപരിബിരുദമെടുക്കുകയും പ്രൊഫസറായി വിരമിക്കുകയും ചെയ്തു. ഏറെക്കാലം തിരുവനന്തപുരത്ത് സകുടുംബം താമസിച്ചു. സംസ്കൃതത്തിലും എം.എ. ബിരുദമെടുത്തിരുന്നു. മലയാളത്തിൽ പല കൃതികൾ രചിച്ചിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ സുപ്രധാനസൃഷ്ടി ശ്രീചട്ടമ്പിസ്വാമികളുടെ ജീവിതം വിഷയമാക്കി സംസ്കൃതഭാഷയിലെഴുതിയതും അറുപത്തിമൂവായിരത്തിൽപ്പരം പദ്യങ്ങളുള്ളതുമായ 'തീർത്ഥപാദപുരാണ'മാകുന്നു. ഈ ഗ്രന്ഥം പുറത്തുവന്നിട്ടില്ല.

ചവറയിൽ പുത്തൻ വീട്ടിലെ ഗോപാലകൃഷ്ണപിള്ള എന്ന എസ്.ജി. പിള്ള അന്ന് സുവോളജി വിഭാഗത്തിൽ ലക്ചററായിരുന്നു. നല്ല മുറുക്കുകാരൻ, സരസൻ. യൂണിവേഴ്സിറ്റി കോളജിൽ ഗുപ്തൻ നായർ സാറിന്റെ വിദ്യാർത്ഥി. സാറിനെ വലിയ ബഹുമാനം. സാർ ഭാഷാവിഭാഗം സ്റ്റാഫ് റൂമിൽവന്ന് ഞങ്ങളോടൊപ്പം സംഭാഷണത്തിലേർപ്പെട്ടിരിക്കുമ്പോൾ, എന്തോ അത്യാവശ്യത്തിനെന്ന ഭാവത്തിൽ, അകത്തേക്കു പാഞ്ഞുകയറിവരുന്നു, എസ്.ജി. പിള്ള. സാർ ഇരിക്കുന്നത് ദൂരെ നിന്നേ കാണുന്നു.

പക്ഷേ, കാണാത്ത മട്ടിൽ, മുറുക്കാൻ നിറഞ്ഞ വായ് പകുതി തുറന്നുകൊണ്ടും മുഖം പകുതി മേലേക്കുയർത്തിക്കൊണ്ടും പ്രവേശിക്കുന്നതോടൊപ്പം രണ്ടു കൈയും ഉയർത്തി ഘനഭാവത്തിൽ പറയുന്നു: "വേണ്ടാ, ആരും എഴുന്നേൽക്കണ്ടാ, ബഹുമാനമൊക്കെ മനസ്സിൽ മതി" എന്ന്. പിന്നെ സാറിനെ അപ്പോൾ മാത്രം കാണുന്ന മാതിരി അതിവിനയം കാട്ടിക്കൊണ്ടും, അങ്ങനെ പറഞ്ഞുപോയതിലുള്ള ജാള്യം അഭിനയിച്ചുകൊണ്ടും പുറത്തേക്കു പോയി തുപ്പിയിട്ട് നേരെ സാറിന്റെ മുന്നിലേക്കുചെന്ന്, ഭക്ത്യാദരപുരസ്സരം, "സാർ, ഗോപാലകൃഷ്ണൻ ഇവിടെ ഇരുന്നോട്ടെ?" എന്നു പതുക്കെ ചോദിക്കുന്നു. സാർ ചിരിച്ചുകൊണ്ട് ഇരിപ്പിടം ചൂണ്ടിക്കാണിക്കുന്നു. എസ്.ജി. പിള്ള മികച്ച അദ്ധ്യാപകനും നടനുമായിരുന്നു. പിൽക്കാലത്ത് ഡെപ്യൂട്ടേഷനിൽ ശാസ്താംകോട്ട ദേവസ്വംബോർഡ് കോളേജിൽ പ്രിൻസിപ്പലായി. അധികം വൈകാതെ ചരമം പ്രാപിച്ചു.

സാറുമൊത്തുള്ള വടക്കന്തറയിലെ ജീവിതം എനിക്ക് അങ്ങേയറ്റം സന്തോഷകരമായിരുന്നു. ചിട്ടപ്രകാരം നേരത്തേ ഉറങ്ങുന്ന സാർ നാലു മണിക്കുതന്നെ ഉണരും. ഞാൻ വൈകിക്കിടക്കും; ആറിന് ഉണരും. രണ്ടുപേരും അരഭിത്തിയിലിരുന്ന് പത്രം നോക്കിത്തുടങ്ങുമ്പോഴേക്ക് ഗൗരി ചായ തന്നിരിക്കും. പത്രം വീതിച്ചു വായിക്കുന്നതിനൊപ്പം ചില്ലറ ചർച്ചകളും. മാതൃഭൂമി വാരിക വന്നാൽ, നല്ല കവിത വല്ലതുമുണ്ടെങ്കിൽ, ഞാൻ രണ്ടുവരി ചെറുതായൊന്നു മൂളും. അപ്പോൾ സാറിനും താല്പര്യമാകും. ആ അവസരം മുതലാക്കാൻ ഉടൻതന്നെ ഞാൻ കവിത സാറിനെ ഏല്പിക്കും. സാർ അതിന്റെ ഭാവത്തിനുചേർന്ന ഒരു രാഗത്തിൽ കവിത മുഴുവൻ ചൊല്ലും. ഞാൻ ശ്രദ്ധിച്ചിരിക്കും. ■

തുടരും